LIBRARY ARCHIVES Kerala Legislative Assembly

സോളാർ അന്വേഷണം

209 (213) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; വിശദമാക്കുമോ ;

(ബി) ഈ കേസ് അന്വേഷിക്കുന്ന ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ; എത്രകാലംകൊണ്ട് നടപടി പൂർത്തിയാക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) സോളാർ കേസിൽ വകുപ്പിന്റെ കണക്കുപ്രകാരം എത്ര പ്രതികൾ ഉണ്ട് ; ഇവർ ആരൊക്കെ ; വിശദമാക്കുമോ ?

ഉത്തരം

(എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 36 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതിൽ 31 കേസുകൾ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും വിവിധ കോടതികളിൽ വിചാരണയിലിരിക്കുന്നതുമാണ്. 2 കേസുകൾ കോമ്പൗണ്ട് ചെയ്യുകയും 2 കേസുകൾ FAD ആയി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1 കേസ് (മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്) അന്വേഷണാവസ്ഥയിലുമാണ്.

(ബി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളെയും കുറിച്ചന്വേഷിക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ അന്വേഷണ കമ്മീഷനെ 28-10-2013-ൽ സർക്കാർ നിയമിച്ചു. ആറുമാസക്കാലംകൊണ്ട് അന്വേഷണം പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കമ്മീഷന്റെ അഭ്യർത്ഥന പ്രകാരം കാലാവധി 3 തവണ നീട്ടി നൽകുകയുണ്ടായി.

(സി) കെ. ആർ. ബിജു @ ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ, ശാലു മേനോൻ, കലാദേവി, ടെന്നി ജോപ്പൻ, മണിമോൻ @ മണിലാൽ സന്തോഷ് കുമാർ, ആർ. സി. രവി, ഇന്ദിര, പി., എ. കെ. വാര്യർ, ഇബ്രാഹിം, ഹാഷിം, സന്ദീപ് എന്നിവർ സോളാർ തട്ടിപ്പ് കേസുകളിൽ പ്രതികളാണ്.

ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

210 (214) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) സ്കൂൾ-കോളേജ് ക്യാമ്പസുകളെ ലഹരി വിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതിയുമായി സഹകരിക്കുന്നത് ആരൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ, ആഭ്യന്തര, ആരോഗ്യ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരി മുക്തമായ, ആരോഗ്യവും അച്ചടക്കവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും NDPS Act, COTPA, MV Act, Abkari Act, KP Act, JJ Act, POCSO Act എന്നിവയുടെ ഫലപ്രദമായ നടപ്പിലാക്കൽ.
2. സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളിൽനിന്നും ചൂഷണത്തിൽനിന്നും നമ്മുടെ കുട്ടികളുടെ സംരക്ഷണം.
3. കുട്ടികളുടെ ഇടയിലുള്ള, പുകയില ഉൽപ്പന്നങ്ങൾ/ ലഹരി മരുന്നുകൾ/മറ്റ് നിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിൽപ്പനയും തടയൽ.
4. വിദ്യാലയ പരിസരങ്ങളിലെ ഗതാഗത സുരക്ഷ ഉറപ്പാക്കൽ.
5. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് തടയൽ.
6. വിദ്യാലയങ്ങളിൽ സുരക്ഷിതമായ ഒരു അന്തരീക്ഷം ഉണ്ടാക്കൽ.
7. നിയമങ്ങളെ അനുസരിക്കുന്ന, സാമൂഹ്യ ഉത്തരവാദിത്തമുള്ള, സംസ്കാരമുള്ള കുട്ടികളെ വാർത്തെടുക്കൽ.
8. കുട്ടികൾക്ക് നേരെയുള്ള വിവിധയിനം ചൂഷണങ്ങളെ മനസ്സിലാക്കി അതിനെതിരെ ഫലപ്രദമായ നടപടികൾ.
9. കുട്ടികൾ ക്ലാസ്സുകളിൽ ഹാജരാകാതെ മറ്റുകാര്യങ്ങളിൽ ഏർപ്പെടുന്നത് തടയൽ.

LIBRARY ARCHIVES Kerala Legislative Assembly

10. അധ്യാപകരെയും രക്ഷിതാക്കളെയും സമൂഹത്തെ മൊത്തത്തിലും കൂടുതൽ ഉത്തരവാദിത്തത്തോടെ കുട്ടികളെ വളർത്താനുള്ള മാർഗ്ഗദർശനവും പ്രോത്സാഹനവും.

11. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളായ പോലീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, വിവിധ NGOs എന്നിവയുടെ പങ്കാളിത്തം.

(സി) സംസ്ഥാനത്തെ സ്കൂൾ, കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയ്ഡുകൾ നടത്തിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവരശേഖരണത്തിന് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻ മസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും, റെയ്ഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുക, സ്കൂൾ പരിസരങ്ങൾ ട്രാഫിക് സുരക്ഷാ പരിധിയിലാണെന്ന് ഉറപ്പുവരുത്തുക, സ്കൂൾ വിടുന്ന സമയത്തും പോലീസ് സാന്നിധ്യം ഉറപ്പുവരുത്തുക, കുട്ടികൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുവെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കുക എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ പദ്ധതിയുടെ ശക്തമായ നടത്തിപ്പുകൾക്കായി സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികളും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

(ഡി) ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ. കച്ചവടക്കാർ, ഓട്ടോ, ടാക്സി ഡ്രൈവർമാർ, അതാത് പ്രദേശത്തെ റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവർ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly